ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ് പ്രോജക്ട്

231 (1936) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.എൻ.ഡി.പി. സഹകരണത്തോടെ വനം വകുപ്പ് നടപ്പാക്കുന്ന ഹൈറേഞ്ച് മൗണ്ടൻ ലാന്റ് സ്കേപ്പ് പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര തുക ചെലവായി എന്നും എന്തെല്ലാം പ്രവർത്തനമാണ് നടത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 27-3-2015 തീയതിയിൽ ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, ജനപ്രതിനിധികൾ പ്രോജക്ട് സംബന്ധിച്ച് ഉന്നയിച്ച വിഷയങ്ങൾ സംബന്ധിച്ച് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പഠിച്ച് നൽകുന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം ആകുന്നതുവരേക്കും താല്കാലികമായി നിർത്തിവയ്ക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സ്റ്റേറ്റ് ലെവൽ പ്രോജക്ട് സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനപ്രകാരം പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി നടത്തിയ പ്രവർത്തനങ്ങളുടെ ചെലവിനത്തിൽ 33,68,730 രൂപ യു.എൻ.ഡി.പി-യിൽ നിന്നും ലഭ്യമായിട്ടുണ്ട്.

(സി) പ്രോജക്ട് നടത്തിപ്പിനായി സ്റ്റിയറിംഗ് കമ്മിറ്റി തീരുമാനപ്രകാരം നാളിതുവരെ നടത്തിയ പ്രാഥമിക പ്രവർത്തനങ്ങൾ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു :

1	ഓഫീസ് ചെലവുകൾ/യോഗങ്ങൾ	₹107816
2	ലഘുലേഖകൾ തയ്യാറാക്കൽ	₹ 62000
3	LLMPU ആഫീസ് നവീകരണവും ഫർണിഷിംഗും	₹ 4996485
	ആകെ	₹ 5166301

ആകെ ചെലവായ 5166301 രൂപയിൽ 3368730 രൂപ യു.എൻ.ഡി.പി-യിൽ നിന്നും ലഭ്യമായിട്ടുള്ളതും 17,97,571 രൂപ യു.എൻ.ഡി.പി-യിൽനിന്നും ലഭ്യമാക്കുവാൻ ഉള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly